ജി(1)13248/2024

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി. 10-02-2026

**സർക്കുലർ നമ്പർ – 07/2026**

വിഷയം:- സഹകരണ വകുപ്പ്- സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോർഡുകൾക്ക് സ്ഥലം/കെട്ടിടം വാങ്ങുന്നതിനും വില്പന നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന:-സഹകരണസംഘം രജിസ്ട്രാറുടെ 18.01.2026 ലെ 3/2026 നമ്പർ സർക്കുലർ.

സംസ്ഥാന സഹകരണ സംഘം നിയമം (ഭേദഗതി) 2023, വകുപ്പ് 59(B) സംസ്ഥാന സഹകരണസംഘം ചട്ടം (ഭേദഗതി) 2024, ചട്ടം 54(1),(1B) എന്നിവയിൽ സഹകരണ സ്ഥാപനങ്ങൾ സ്ഥലം/കെട്ടിടം വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് സ്ഥലം/കെട്ടിടം വാങ്ങുന്നതിനും വില്പന നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 3/2026 നമ്പരായി സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോർഡുകൾക്ക് അവയുടെ സംഘങ്ങൾക്ക് ലോൺ/ധനസഹായം നൽകുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി സ്ഥലം/കെട്ടിടം വാങ്ങുന്നതിനും വില്പന നടത്തുന്നതിനും വ്യവസ്ഥകൾ നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച് ബോർഡുകൾക്ക് ബിസിനസ് ആവശ്യങ്ങൾക്കായി സ്ഥലം/കെട്ടിടം വാങ്ങുന്നതിനും, ഈട് വാങ്ങുന്നതിനും വില്പന നടത്തുന്നതിനും സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള 3/2026 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാർ

<u>പകർപ്പ്-</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. വൈസ് ചെയർമാൻ/സെക്രട്ടറി എല്ലാ ബോർഡുകളും
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)